വ്യാജമദ്യ ബിസിനസ്സുമായി ബന്ധപ്പെട്ട പോലീസ് റെയിഡുകൾ

74(1553) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആലപ്പുഴ ജില്ലയിൽ വ്യാജമദ്യബിസിനസ്സുമായി ബന്ധപ്പെട്ട് പോലീസ് എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്;

(ബി) ഇതിന്റെ കണക്ക് ജില്ലയിലെ നിയോജക മണ്ഡല അടിസ്ഥാനത്തിൽ നൽകുമോ;

(സി) ഇക്കാലത്ത് ജില്ലയിൽ പിടിച്ചെടുത്ത വിവിധതരം വ്യാജമദ്യങ്ങളുടെയും വ്യാജസ്പിരിറ്റിന്റേയും ആകെ അളവ് കണക്ക് നൽകുമോ;

ഉത്തരം

(എ) 26093 റെയിഡുകൾ നടത്തിയിട്ടുണ്ട്.

(ബി)

നിയോജകമണ്ഡലം	റെയിഡുകളുടെ എണ്ണം
ആലപ്പുഴ	1405
ചേർത്തല	1052
അരൂർ	1794
മാരാരിക്കുളം	3528
കായംകുളം	5265
ഹരിപ്പാട്	4348
മാവേലിക്കര	1750
പന്തളം സി. പാർട്ട്	763
ചെങ്ങന്നൂർ	2254
കുട്ടനാട്	1673
അമ്പലപ്പുഴ	2261
	26093

(സി)

സ്പിരിറ്റ്	83820	ലിറ്റർ
ചാരായം	5181	,,
കോട	9137	,,
വിദേശമദ്യം	1921	,,
കള്ള്	4862	,,
വ്യാജമദ്യം	2350	,,

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) 1670 പേർ

(എഫ്)

നിയോജക മണ്ഡലം	അറസ്റ്റ് ചെയ്തവരുടെ എണ്ണം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	49
ചേർത്തല	104
അരൂർ	55
കായംകുളം	347
ചെങ്ങന്നൂർ	217
മാവേലിക്കര	175
പന്തളം	126
ഹരിപ്പാട്ട്	238
മാരാരിക്കുളം	118
കുട്ടനാട്	159
അമ്പലപ്പുഴ	82
	1670

(ജി) മൂന്നു പേർ

1. രവീന്ദ്രൻ
2. ശശി
3. ചന്ദ്രശേഖരൻ

(എച്ച്)&(ഐ) കാർത്തിപ്പള്ളി പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ് കോൺഗ്രസ് (ഐ) മെമ്പറുമായിരുന്ന സതീശ് വർഗ്ഗീസ്.

(ജെ) ഉണ്ട്.

കട്ടച്ചൽകുഴിയിലെ വ്യാജമദ്യ വില്പനയ്ക്കെതിരെ പ്രതികരിച്ചവർക്ക് സംരക്ഷണം

75 (1554) ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഒക്ടോബറിൽ ബാലരാമപുരത്തിനു സമീപം കട്ടച്ചൽകുഴിയിൽ നിന്നും വ്യാജമദ്യ വിൽപനക്കാരനെ അറസ്റ്റു ചെയ്തതിനെ തുടർന്ന് അവരെ ഒറ്റിക്കൊടുത്തു എന്ന വ്യാജേന കട്ടച്ചൽകുഴി ചരുവിള വീട്ടിൽ വി.ലളിതയേയും മകൻ രതീഷിനേയും പ്രസ്തുത വ്യാജമദ്യ വില്പനക്കാരൻ വീടുകയറി മർദ്ദിക്കുക ഉണ്ടായോ;

(ബി) ഇതു സംബന്ധിച്ച് കേസെടുത്തുവോ; ഈ കേസ് ചാർജ്ജ് ചെയ്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഈ കേസിന്റെ ഇപ്പോഴത്തെ നിലയെന്ത്;

(സി) 2000 ജനുവരിയിൽ കട്ടച്ചൽക്കുഴിയിൽ വ്യാജമദ്യ വില്പനയുടെ പേരിൽ അറസ്റ്റുചെയ്ത ആളിനെ ഒറ്റിക്കൊടുത്തു എന്ന വ്യാജേന കട്ടച്ചൽക്കുഴിയിൽ തെങ്ങുവിള റോഡിനകത്ത് ചരുവിള സുനോഷ് ഭവനിൽ ഷൺമുഖൻ, അയാളുടെ ഭാര്യ അമ്പിളി എന്നിവരെ ചാരായവിൽപനക്കാർ വീടുകയറി മർദ്ദിച്ചുവോ; എങ്കിൽ ആരെല്ലാമാണ് മർദ്ദനം നടത്തിയത്; അവരുടെ പേരിൽ എന്തെല്ലാം നടപടി സ്വീകരിച്ചു; അവരെ അറസ്റ്റു ചെയ്തുവോ; ഇല്ലെങ്കിൽ കാരണം എന്ത്;

LIBRARY ARCHIVES Kerala Legislative Assembly